# (ശുബ്ക്കോനോ)

# അമ്പതുനോമ്പിലെ ആരംഭ ദിവസത്തിലെ

# അനുരഞ്ജനത്തിന്റെ ശുശ്രൂഷ ക്രമം

(An order of worship of Reconciliation at the beginning of Great Lent)

*(ഞായറാഴ്ച കുർബ്ബാന മദ്ധ്യേയോ തിങ്കളാഴ്ചയോ നടത്താവുന്നതാണ്)*

**കൗമ്മ**

പ: പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ജ: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടു ലോകങ്ങളിലും ചൊരിയുമാറാകണമെ. ആമ്മീൻ.

**പ്രാരംഭ പ്രാർത്ഥന**

പ: ദൈവമായ കർത്താവേ, നിന്റെ ദൈവിക ഭാവത്തോട് അനുരൂപപ്പെടുത്തുന്ന നിരപ്പും സമാധാനവും സ്നേഹവും ഞങ്ങളുടെ ഹൃദയങ്ങളിൽ സദാ ആവസിപ്പിക്കണമെ. അവയാൽ ഞങ്ങളെ എല്ലായ്പ്പോഴും ബന്ധിക്കയും നിന്നെയും നിന്റെ

പിതാവിനെയും ജീവനും വിശുദ്ധിയുമുള്ള നിന്റെ റൂഹായെയും ഇടവിടാതെ സ്തുതിച്ചു മഹത്വപ്പെടുത്തുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമെ.

ജ: ആമ്മീൻ.

### 51-ാം മസുമൂർ

പ: ദൈവമേ, നിന്റെ കൃപയിൻ പ്രകാരം എന്നോട് കരുണ ചെയ്യേണമേ. നിന്റെ കരുണകളുടെ ബഹുത്വപ്രകാരം എന്റെ പാപങ്ങൾ മായിച്ചു കളയണമെ.

ജ: എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി - എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ.

പ: എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു - എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

ജ: നിന്നോട് നിന്നോടു തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പാകെ തിന്മകൾ ഞാൻ ചെയ്തു.

പ: നീ സംസാരിക്കുമ്പോൾ നീതിമാനായും നീ ന്യായം വിധിക്കുമ്പോൾ കുറ്റമില്ലാത്തവനായും ഇരിക്കേണ്ടതിനുതന്നെ.

ജ: എന്തെന്നാൽ അകൃത്യത്തിൽ ഞാൻ ഉത്ഭവിച്ചു പാപത്തിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിച്ചു.

പ: എന്നാൽ, സത്യത്തിൽ നീ പ്രസാദിച്ചു നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ നീ എന്നെ അറിയിച്ചു.

ജ: നിന്റെ സോപ്പാ കൊണ്ട് എന്റെമേൽ തളിക്കേണമേ – ഞാൻ നിർമ്മലനാകും. അതിനാൽ എന്നെ നീ വെളിപ്പിക്കണമെ. ഉറച്ചമഞ്ഞിനേക്കാൾ ഞാൻ വെണ്മയുള്ളവ നാകും.

പ: നിന്റെ സന്തോഷവും ആനന്ദവും കൊണ്ടു എന്നെ തൃപ്തനാക്കണമെ ക്ഷീണിച്ചിരിക്കുന്ന എന്റെ അസ്ഥികൾ ഉല്ലസിക്കും.

ജ: എന്റെ പാപങ്ങളിൽനിന്നും നിന്റെ മുഖം തിരിച്ച് – എന്റെ അതിക്രമങ്ങളൊക്കെയും മായിച്ചു കളയണമെ.

പ: ദൈവമേ, നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കേണമേ സ്ഥിരമായുള്ളോരാത്മാവിനെ എന്റെ ഉള്ളിൽ പുതുക്കണമെ.

ജ: നിന്റെ സന്നിധിയിൽ നിന്ന് എന്നെ തള്ളിക്കള യരുതേ നിന്റെ വിശുദ്ധറൂഹായെ എന്നിൽ നിന്ന് എടുക്കയും അരുതേ.

പ: നിന്റെ രക്ഷയും ആനന്ദവും എനിക്കു തിരിച്ചു തരണമെ – മഹത്വമുള്ള നിന്റെ റൂഹാ എന്നെ താങ്ങുമാറാകണമെ.

ജ: എന്നാൽ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും, പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

പ: എന്റെ രക്ഷയുടെ ദൈവമായ എന്റെ ദൈവമേ, രക്തപാതകത്തിൽ നിന്നു എന്നെ രക്ഷിക്കണമെ - എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും.

ജ: കർത്താവെ, എന്റെ അധരങ്ങളെ തുറക്കണമേ എന്റെ വായ് നിന്റെ സ്തുതികൾ പാടും - ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

പ: പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ജ: ആദിമുതൽ എന്നെന്നേക്കും തന്നെ - ആമ്മീൻ.

**ലുത്തിനിയ**

പ: പാപികളോടു കരുണ ചെയ്യുന്നവനായ കർത്താവേ നിനക്കു വിരോധമായി ഞങ്ങൾ പാപം ചെയ്തു. ഞങ്ങളുടെ അപേക്ഷ കൈക്കൊണ്ടു ഞങ്ങളുടെ അകൃത്യങ്ങൾ ക്ഷമിക്കണമെ.. .. ..

ജ: കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ

പ: കടങ്ങളുടെയും പാപങ്ങളുടെയും ബഹുത്വം ഹേതുവായി മലിനപ്പെട്ടിരിക്കുന്ന ഞങ്ങൾ നിന്നെ നോക്കി നിലവിളിക്കുന്നു

ജ: കർത്താവേ ഞങ്ങളോടു .......

പ: പാപിനിയായ ആ സ്ത്രീയെപ്പോലെ ഞങ്ങൾ നിലവിളിക്കുകയും ചുങ്കക്കാരനെപ്പോലെ ഞങ്ങൾ നിന്നോടു പ്രാർത്ഥിക്കയും ചെയ്യുന്നു.

ജ: കർത്താവേ ഞങ്ങളോടു......

പ: ഞങ്ങളുടെ കർത്താവേ, വഴക്കിൽ നിന്നും ദുർവാശിയിൽ നിന്നും ഒഴിഞ്ഞിരിക്കുന്ന വിശുദ്ധ സ്നേഹം കൊണ്ടു ഞങ്ങളുടെ ഹൃദയങ്ങളെ നീ നിറയ്ക്കണമെ......

ജ: കർത്താവേ ഞങ്ങളോടു ....

പ: പാപികൾക്കുവേണ്ടി മരത്തിന്മേൽ തന്റെ തിരുമേനിയെ ബലികഴിച്ച സകലത്തിന്റെയും ഉടയവനേ.....

ജ: കർത്താവേ ഞങ്ങളോടു ....

പ: പാപിനിയായ സ്ത്രീക്കും കുരിശിലെ കള്ളനും തന്റെ മഹാ സ്നേഹം കൊണ്ടു പാപപരിഹാരം നൽകിയ സകലത്തിന്റെയും ഉടയവനായ ദൈവമേ..

ജ: കർത്താവേ ഞങ്ങളോടു .......

പ: മാളികയിൽ പ്രവേശിച്ചു തന്റെ സമാധാനം കൊണ്ടു ശ്ലീഹന്മാരെ സമാധാനപ്പെടുത്തിയ സകലത്തിന്റെയും ഉടയവനായ കർത്താവേ.....

ജ: കർത്താവേ ഞങ്ങളോടു .......

പ: വിശുദ്ധ പിതാവിനു സ്തുതി കരേറ്റുകയും വിശുദ്ധ പുത്രനെയും വിശുദ്ധ റൂഹായെയും നാം വന്ദിക്കുകയും ചെയ്യണം.....

കർത്താവേ ഞങ്ങളോടു .......

## അല്ലെങ്കിൽ ഗീതം (ഹത്തീസുലോക്ക്)

പാ-പം - ചെയ്തേൻ, പ്രാർത്ഥന കേട്ടൻപുടയോനെ

എൻ പിഴപോക്കണമേ,

നാ-ഥാ - നിഖിലേശാ കൃപ ചെയ്കെന്നിൽ

ഏ-റും - കടപാപങ്ങളിൽ ഞാൻ മലിനതപൂണ്ടു

നിലവിളി കൂട്ടുന്നേൻ, നാഥാ.. .. ..

നാ-ഥാ-കരുണാനിധിയെ നിൻ വാതിലിലല്ലാ-

തെവിടടിയാർ - മുട്ടും? നാഥാ.. .. ..

കേ-ഴു-ന്നേൻ പാപിനിയെപ്പോൽ, അർത്ഥിക്കുന്നേൻ

ചുങ്കക്കാരൻ പോൽ, നാഥാ.. .. ..

അൻ-പു-ള്ളോനേ പാപികളിൽ ദോഷകടങ്ങൾ -

അൻപാൽ ക്ഷമ നൽക, നാഥാ.. .. ..

വൈ-രം-മത്സരമിവവെടിയും സ്നേഹത്താലുൾ-

ത്തളിരു നിറയ്ക്കണമേ,. നാഥാ.. .. ..

മ്ശീ-ഹാ-പാതകികൾക്കായി തരുവിൽത്തന്മെയ്-

ബലിയർപ്പിച്ചോനേ, നാഥാ.. .. ..

മ്ശീ-ഹാ-പാപിനി ചോരനിവർക്കുൾസ്നേഹത്താൽ

മുക്തികൊടുത്തോനേ, നാഥാ.. .. ..

മ്ശീ-ഹാ-മാളികയതിലേറി ശ്ലീഹന്മാർക്കായ്

ശാന്തിയണച്ചോനേ, നാഥാ.. .. ..

മ്ശീ-ഹാ-മഹിതശാന്തിയതാൽ ശിഷ്യരെ സൗധേ

മോദിപ്പിച്ചോനേ, നാഥാ.. .. ..

ബാറെക്മോർ -

ശുബഹോ ലാബോ ലബറോ വൽ റൂഹോ കാദീശോ
മെനഓലം വാദാമ്മെൽ ഓലം ഒൽ മീൻ ആമ്മീൻ
താ-തൻ-പേർക്കായ് സ്തുതിയേറ്റിക്കൂപ്പുക
സുതനെ റൂഹായോടൊപ്പം, നാഥാ.. .. ..

ശു: സ്തൗമെൻ കാ - ലോസ്.. ..

ജ: കുറിയേ - ലായിസ്സോൻ

## പ്രോമ്യോൻ

പ: നാമെല്ലാവരും പ്രാർത്ഥിച്ചു കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ: അനുഗ്രഹിക്കുന്നവനായ കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ച് സഹായിക്കണമെ.

പ: സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും മാഞ്ഞുപോകാത്ത മഹിമയും നിത്യവും നിരന്തരവും അർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ.

സ്വർഗ്ഗീയ സമാധാനമാകുന്ന പിതാവേ, നിനക്കു സ്തുതി. ഭൌമികരുടെ സമാധാനമാകുന്ന പുത്രാ, നിനക്കു സ്തോത്രം. ദൈവിക ദാനങ്ങളെ പൂർത്തിയാക്കുന്ന വിശുദ്ധ റൂഹായേ, നിനക്കു വന്ദനം. പിതാവു നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്റെ പുത്രനെ മരണത്തിനു നൽകിയവനാകുന്നു. പുത്രൻ തന്റെ സനേഹത്താൽ ഇറങ്ങിവന്നു നമുക്കുവേണ്ടി മരിച്ചവ നാകുന്നു. വിശുദ്ധാത്മാവു നമ്മുടെ നന്മകളിൽ

സന്തോഷിക്കുന്നവനും, നമ്മുടെ അപേക്ഷകൾ നൽകുന്നവനും ആകുന്നു. സാരാംശം സംബന്ധിച്ചു ഏകനും ആളത്വം സംബന്ധിച്ചു ത്രിത്വവുമാകുന്നു. ഏക കർത്താവേ, പരമാർത്ഥതയോടുകൂടെ അന്യോന്യം നിരപ്പായിരിപ്പാൻ ഞങ്ങളെ നീ സഹായിക്കേണമേ. നിന്നോടുകൂടെയുള്ള ദിവ്യമായ ഐക്യത്തിലും സ്നേഹബന്ധത്തിലും ഞങ്ങളെ എല്ലാവരെയും കാത്തുകൊള്ളണമെ. മഹത്വമേറിയ നിന്റെ ഉയർത്തെ ഴുന്നേല്പിന്റെ സന്തോഷ ദിവസത്തിലും ഈ നേരത്തി ലും സകല പെരുനാളുകളിലും കാലങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും നിനക്കു യോഗ്യമായിരിക്കുന്നു. ഹോശാ വബ് കുൽ സ്ബാൻ ലഒൽമീൻ.

ജ: ആമ്മീൻ.

### സെദറാ

പ: എല്ലാ സൃഷ്ടികളുടെയും നിർവിഘ്നമായ സമാധാനവും സകല അതിർത്തികളുടെയും ദേശങ്ങളുടെയും സത്യസമാധാനവുമായിരിക്കുന്ന ഞങ്ങളുടെ ദൈവമായിരിക്കുന്ന മശിഹായേ, നീ സ്നേഹമാകുന്നു. സ്നേഹമെന്നു നീ വിളിക്കപ്പെടുന്നു. സകല നാമങ്ങളെക്കാൾ അധികമായി ഈ നാമത്തിൽ നീ സന്തോഷിക്കുന്നു. അതിനാൽ മനുഷ്യസ്നേഹമുള്ളവനെന്നു നീ അറിയപ്പെടുന്നു. അതിനെ

സ്വീകരിക്കുന്നവരെ നീ മാനിക്കുന്നു. നിന്റെ സ്കീപ്പായാൽ (കുരിശിനാൽ) ശത്രുത്വമാകുന്ന പ്രതിബന്ധത്തെ നീ നീക്കി. നിന്റെ സ്വന്തരക്തം കൊണ്ടു സ്വർഗ്ഗീയരെയും ഭൗമികരെയും നീ സംയോജിപ്പിച്ചു. കാതലായ നിന്റെ ദൈവത്വത്തിന്റെയും താൽക്കാലികമായ നിന്റെ മനുഷ്യത്വത്തിന്റെയും വിഭജിക്കപ്പെടുവാൻ പാടില്ലാത്തതായ സംയോഗം നിമിത്തം ഇരുപക്ഷക്കാരെയും നീ രമ്യമാക്കിയതിനാൽ മദ്ധ്യേയുണ്ടായിരുന്ന കോപത്തെ നീ നീക്കികളഞ്ഞു. അതിനാൽ സമീപസ്ഥരെയും ദൂരസ്ഥരെയും നീ വിളിക്കയും നിന്റെ ദിവ്യസ്നേഹമാകുന്ന ഐക്യത്തിലും നിന്റെ നിത്യരാജ്യത്തിലെ ഭവനാവകാശത്തിലും അവരെ നീ ബന്ധിച്ചു ലോകത്തിനു സമാധാനവും ഐക്യവും നീ പ്രസംഗിച്ചു. പ്രധാന മാലാഖയുടെ സമാധാന വചനം മുഖാന്തരം കന്യകയായ നിന്റെ മാതാവിനു നിന്റെ ഉല്പാദനത്തെ നീ അറിയിച്ചു. നിന്റെ പ്രസംഗകനായ യോഹന്നാന്റെ മാതാവായ ഏലിശബേത്തിനെ നിന്റെ മാതാവു സമാധാനത്താൽ സന്ദർശിക്കുകയും നിന്റെ സമാധാന വചനത്താലുള്ള സന്തോഷംകൊണ്ടു യജമാനന്റെ മുമ്പിൽ ദാസനെന്നപോലെ അവൻ തുള്ളുകയും ആനന്ദിക്കുകയും ചെയ്തു. നിന്റെ ജനനത്തിങ്കൽ മാലാഖമാർ ഇടയർക്കു സമാധാനം പ്രസംഗിച്ചു. മഹത്വമുള്ള നിന്റെ ഉയർത്തെഴുന്നേല്പിനെക്കുറിച്ചു പ്രത്യാശയോടിരുന്ന സ്ത്രീകൾക്കു നീ സമാധാനം നൽകി. നിന്റെ വിശുദ്ധ ശ്ലീഹന്മാർ കൂടിയിരുന്നതായ മാളികയിൽ സമാധാനത്തോടു കൂടെ നീ പ്രവേശി

ക്കയും നിന്റെ ഉയർത്തെഴുന്നേൽപിനെക്കുറിച്ചു അവരെ നീ ഉറപ്പിക്കയും ചെയ്തു. നിന്നെ അയച്ചവന്റെ അടുക്കലേക്കു നീ കരേറിപ്പോയപ്പോൾ നിന്റെ ശ്ലീഹന്മാർക്കു നീ സമാധാനം കൊടുക്കയും, എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു എന്നും, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണമെന്നും നീ അരുളിചെയ്തു.

ഞങ്ങളുടെ രക്ഷിതാവായുള്ളോവേ, ഈ സ്നേഹത്തിൽ ഞങ്ങളെ നീ കാത്തുകൊള്ളണമെ, അതിൽ ഞങ്ങളുടെ ബുദ്ധിയെ നീ സ്ഥിരപ്പെടുത്തണമെ. നിന്റെ സ്നേഹത്തിൽ ഞങ്ങളെ പരസ്പരം ബന്ധിക്കണമെ. നിന്റെ സ്നേഹം നിമിത്തം ഞങ്ങളുടെ ഇടയിൽനിന്നും ഭിന്നതകളും ദുഷ്തർക്കങ്ങളും നീ മായിക്കണമെ. നിന്റെ കല്പനകൾ അനുഷ്ഠിക്കുന്നതിനായി നിന്റെ സ്നേഹംനിമിത്തം ഞങ്ങളെ യോഗ്യതയുള്ളവരാക്കണമെ. നിന്റെ സ്നേഹം മൂലമായി ഞങ്ങളിൽ നിന്നു സങ്കടങ്ങളും ഞെരുക്കങ്ങളും നീ വിരോധിക്കണമെ. നിന്റെ സ്നേഹത്താൽ ഞങ്ങളെ സമാധാനവും സ്നേഹവുമുള്ള മക്കളാക്കിത്തീർക്കണമെ. ഇടയന്മാരേയും ആട്ടിൻകൂട്ടങ്ങളേയും നിന്റെ സമാധാനത്താൽ നീ ഐകമത്യപ്പെടുത്തണമെ. നിന്റെ സമാധാനത്താൽ ആചാര്യന്മാരെ അവരുടെ കൂദാശകളിൽ നീ ആനന്ദിപ്പിക്കണമെ. നിന്റെ സമാധാന ത്താൽ നിന്റെ തിരുസഭയേയും അതിന്റെ മക്കളെയും നീ പൂർണ്ണമാക്കണമെ.

നിന്റെ സമാധാനത്താൽ അതിലെ ദൂരസ്ഥരെ കൂട്ടിച്ചേർക്കുകയും അതിലെ നായകരെ ഒന്നാക്കുകയും ചെയ്യണമെ. നിന്റെ സമാധാനത്താൽ അതിലെ സംഘങ്ങളെ നീ ക്രമീകരിക്കയും അതിലെ മഹോത്സവങ്ങളെ ക്രമപ്പെടുത്തുകയും ചെയ്യണമെ. കോപിച്ചിരിക്കുന്നവരെ നിന്റെ സമാധാനത്താൽ കൂട്ടിച്ചേർക്കണമെ. വൃദ്ധരെ നീ അലങ്കരിക്കണമെ. നിന്റെ സമാധാനത്താൽ നിന്റെ ഇടവകയെ കാത്തുകൊള്ളുകയും, യഥാസ്ഥാന പ്പെടുത്തുകയും ചെയ്യേണമേ. നിന്റെ സമാധാനത്താൽ ഞങ്ങളുടെ വിചാരങ്ങളെ നീ ശുദ്ധീകരിക്കണമെ. നിന്റെ സമാധാനത്താൽ കരുണയില്ലാത്ത യജമാനന്മാരിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. സകല പെരുനാളുകളിലും ഐക്യം കൊണ്ടു ഞങ്ങളെ അലങ്കരിച്ചു നിന്റെ സമാധാനത്താൽ ഞങ്ങളുടെ നോമ്പും അപേക്ഷകളും നീ കൈക്കൊള്ളണമെ. നിന്റെ സമാധാനത്താൽ കൃപയും മോചനവും ഞങ്ങൾക്കു നീ ദാനം ചെയ്യണമെ. നിന്റെ സമാധാനത്താൽ ദുഷ്ടന്റെ പാശങ്ങളെ ഞങ്ങളിൽ നിന്നു അഴിച്ചുകളകയും അവന്റെ നുകത്തെ ഞങ്ങളിൽനിന്നു നീക്കികളകയും ചെയ്യണമെ. നിന്റെ സമാധാനം ഞങ്ങളോടുകൂടെ എപ്പോഴും ഉണ്ടായിരിക്കണമെ. നിന്റെ ഐക്യം ഞങ്ങളുടെ ഇടയിൽ എന്നും വാഴുമാറാക്കണമെ. നിന്റെ സ്നേഹത്താൽ ഞങ്ങളുടെ വിചാരങ്ങളെ ഏകാഗ്രമാക്കുകയും ഞങ്ങളുടെ ഹൃദയങ്ങളെ ബന്ധിക്കുകയും ചെയ്യണമെ. സമാധാനത്തിന്റെ ഉടയവനായുള്ളോവേ, നിന്നെയും സമാധാനത്തെ പ്രദാനം ചെയ്യുന്ന നിന്റെ

പിതാവിനെയും സത്യസമാധാനത്തെ പൂർത്തീകരിക്കുന്ന നിന്റെ വിശുദ്ധറൂഹായേയും ഞങ്ങൾ സ്തോത്രം ചെയ്യുമാറാകണമെ.
ഹോശോ വബ് കൂൽസ് ബാൻല് ഒൽമീൻ.

ജ: ആമ്മീൻ.

## എത്രാ

പ: ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ഹൃദയങ്ങളെ സമാധാനത്തിന്റെ വാസസ്ഥലങ്ങളായും, ഞങ്ങളുടെ വിചാരങ്ങളെ ഐക്യത്തിന്റെ തുറമുഖങ്ങളായും നീ തീർക്കണമെ. ഞങ്ങളുടെ ഉള്ളിൽ നിന്നോടുള്ള സത്യസ്നേഹം നീ വിതയ്ക്കണമെ. ഞങ്ങളിൽ സ്നേഹവും ഐക്യവും ഏകാഭിപ്രായവും സ്ഥിരപ്പെടുത്തണമെ. ഞങ്ങൾ ഉത്തമമാകും വണ്ണം തമ്മിൽതമ്മിൽ സമാധാനം കൊടുക്കുന്നതിനും സംഗതി വരുത്തണമെ. മേൽത്തരമായ പരിമളം പോലെയും നിന്റെ തിരുവിഷ്ടത്താൽ ഞങ്ങൾ ആനന്ദിക്കുമാറാകണമെ. തന്റെ സമാധാനത്താൽ സകലത്തെയും ആനന്ദിപ്പിക്കുന്നവനും തന്നോട് ഐക്യപ്പെടുന്നതിനാൽ സകലത്തെയും സന്തോഷിപ്പിക്കുന്നവനുമായുള്ളോവേ, നിനക്കും നിന്റെ പിതാവിനും വിശുദ്ധറൂഹായ്ക്കും മഹത്വവും ബഹുമാനവും യോഗ്യമാകുന്നു. ഹോശോ വബ് കൂൽസ് ബാൻല് ഒൽമീൻ.

ജ: ആമ്മീൻ.

## ലുത്തിനിയാ

പ: സ്നേഹത്താൽ പർവ്വതത്തിന്റെ മുകളിൽ വെച്ചു മോശെ കർത്താവിനെ കണ്ടു. സ്നേഹത്താൽ ന്യായവിസ്താരസഭയിൽ സഹദേന്മാർ തന്നെ കണ്ടു. സ്നേഹത്താൽ മരത്തിന്റെ മുകളിൽ സഭ തന്നെ കണ്ടു. അതിനാൽ ഇതാ രാവും പകലും അവൾ തനിക്കു സ്തുതി പാടുന്നു.

ജ: ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ഹൃദയങ്ങളെ നിരപ്പിന്റെ വാസസ്ഥലങ്ങളായും ഞങ്ങളുടെ വിചാരങ്ങളെ സമാധാനത്തിന്റെ തുറമുഖങ്ങളായും നീ തീർക്കണമെ.

പ: അവനെ നാം കോപിപ്പിച്ചിരിപ്പിക്കുന്നു, എങ്കിലും, അവന്റെ സ്നേഹം ഹേതുവായി അവൻ നമ്മോടു നിരപ്പായിരിക്കുന്നു. നമ്മുടെ അയൽക്കാരെ നമ്മുടെ അവയവങ്ങളെപ്പോലെ നാം സ്നേഹിക്കണം. എന്തുകൊണ്ടെന്നാൽ ശരീരം മുഴുവന്റെയും ഏകശിരസ്സു കർത്താവായ യേശുവാകുന്നു. തന്റെ കൂട്ടുകാരനെ സ്നേഹിക്കാത്തവൻ കർത്താവിനെ ദ്വേഷിക്കുന്നു.

ജ: ഞങ്ങളുടെ കർത്താവേ, തമ്മിൽ തമ്മിലുള്ള സത്യസ്നേഹം ഞങ്ങളുടെ ഹൃദയങ്ങളിൽ വിതച്ചു ഞങ്ങൾ അന്യോന്യം സമാധാനം കൊടുപ്പാനും, നിഷ്കളങ്കമായി പരസ്പരം കൈക്കൊള്ളുവാനും നീ കൃപ ചെയ്യണമെ.

പ: തന്റെ സമാധാനം കൊണ്ടു എല്ലാവരേയും ആനന്ദിപ്പിക്കയും, തന്റെ നിരപ്പുകൊണ്ട് എല്ലാവരെയും സന്തോഷിപ്പിക്കുകയും ചെയ്യുന്ന ഞങ്ങളുടെ ദൈവമായ കർത്താവേ, നിനക്കും നിന്റെ പിതാവിനും ജീവനും വിശുദ്ധിയുമുള്ള നിന്റെ റൂഹായ്ക്കും സ്തുതിയും ബഹുമാനവും യോഗ്യമായിരിക്കുന്നു.

ജ: ദൈവമായ കർത്താവേ, നിന്റെ കൃപപോലെ ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ. ദുഷ്ടനെ ഞങ്ങളിൽ നിന്നകറ്റി നിന്റെ സ്ലീബാകൊണ്ടു ഞങ്ങളെ കാത്തു മറയ്ക്കണമെ.

**പാഠം വായന :**

**1 യോഹ. 4:11–21, 1 കൊരി. 13:4–10**

**38–ാം മസുമൂർ**

പ: കർത്താവേ, നിന്റെ കോപത്തിൽ എന്നെ കുറ്റപ്പെടുത്തരുതേ – നിന്റെ ക്രോധത്തിൽ എന്നെ ശിക്ഷിക്കയും അരുതേ.

ജ: എന്തെന്നാൽ നിന്റെ അസ്ത്രങ്ങൾ എന്നിൽ തറയ്ക്കപ്പെട്ടിരിക്കുന്നു. നിന്റെ തൃക്കൈ എനിക്കു വിരോധമായും ഇരിക്കുന്നു.

പ: നിന്റെ കോപം നിമിത്തം എന്റെ അസ്ഥികൾക്കു സ്വസ്ഥതയില്ല.

ജ: എന്തെന്നാൽ എന്റെ അകൃത്യങ്ങൾ എന്റെ തലയ്ക്കു മീതെ കടന്നിരിക്കുന്നു - ഭാരമേറിയ ചുമടുപോലെ അവ എനിക്കു ഭാരമായിരിക്കുന്നു.

പ: എന്റെ വ്രണങ്ങൾ ചീഞ്ഞുനാറി - എന്റെ അകൃത്യങ്ങൾ നിമിത്തം ഞാൻ എത്രയും പരിഭ്രമിച്ചു.

ജ: ഞാൻ ദിവസേന ദുഃഖത്തോടെ നടന്നു - എന്തെന്നാൽ എന്റെ കാലുകൾ വിറച്ചു - എന്റെ ദേഹത്തിനു സുഖമില്ല.

പ: ഞാൻ എത്രയും പരിഭ്രമിച്ചു വലഞ്ഞു - എന്റെ ഹൃദയത്തിന്റെ അലർച്ച കൊണ്ട് ഞാൻ വിമ്മിട്ടപ്പെട്ടു.

ജ: കർത്താവേ, എന്റെ ആഗ്രഹമൊക്കെയും നിന്റെ സന്നിധിയിൽ ഇരിക്കുന്നു - എന്റെ നെടുവീ ർപ്പുകൾ നിന്നിൽ നിന്ന് മറഞ്ഞി രിക്കുന്നതുമില്ല.

പ: എന്റെ ഹൃദയം തുടിക്കുന്നു - എന്റെ ശക്തിയും എന്നിൽ നിന്നു വിട്ടുമാറി - എന്റെ കണ്ണുകളുടെ വെളിച്ചം എങ്കൽ ഇല്ലാതെയായി.

ജ: എന്റെ സ്നേഹിതന്മാരും കൂട്ടുകാരും എന്റെ വേദനയ്ക്കെതിരായി നിന്നു.

പ: എന്റെ പ്രാണനെ അന്വേഷിക്കുകയും എന്റെ ദോഷത്തെ ആഗ്രഹിക്കയും ചെയ്യുന്നവൻ എന്നെ പിടികൂടി - അവർ ദുഷ്ടതയും വഞ്ചനയും സംസാരിക്കയും നിത്യവും ദോഷം ആലോചിക്കയും ചെയ്തു.

ജ: എന്നാൽ ഞാൻ ഒരു ചെകിടനെപ്പോലെ കേൾക്കാതെയും ഊമനെപ്പോലെ വായ് തുറക്കാതെയും ഇരുന്നു.

പ: ഞാൻ കേൾക്കാത്ത മനുഷ്യനെപ്പേലെയും വായ് കൊണ്ട് ശാസിക്കാത്തവനെപ്പോലെയും ഇരുന്നു.

ജ: എന്തെന്നാൽ കർത്താവേ, ഞാൻ നിന്നെ കാത്തിരുന്നു - എന്റെ ദൈവമായ കർത്താവേ, നീ എന്നോട് ഉത്തരമരുളുകയും ചെയ്തു.

പ: എന്റെ കാലുകളുടെ ഇളക്കത്തിൽ അവർ എന്നെച്ചൊല്ലി സന്തോഷിക്കാതെയും എനിക്കു വിരോധമായി നിഗളിക്കാതെയും ഇരിക്കണമെന്ന് ഞാൻ പറഞ്ഞുവല്ലോ.

ജ: എന്തുകൊണ്ടെന്നാൽ ഞാൻ കഷ്ടതയ്ക്കു ഒരുങ്ങിയിരിക്കുന്നു. എന്റെ വേദന എപ്പോഴും എന്റെ മുമ്പാകെ ഇരിക്കുന്നു.

പ: ഞാൻ എന്റെ അകൃത്യങ്ങളെ നിന്നോടറിയിക്കും - എന്റെ പാപങ്ങളിൽ നിന്ന് ഞാൻ ശുദ്ധനാക്കപ്പെടുകയും ചെയ്യും.

ജ: എന്റെ ശത്രുക്കൾ ശക്തിപ്പെട്ട് എന്റെ സങ്കടത്തെ കണ്ടു - അന്യായമായി എന്നെ ദ്വേഷിക്കുന്നവർ വർദ്ധിച്ചിരിക്കുന്നു.

പ: അവർ നന്മയ്ക്കു പകരം തിന്മ എന്നോടു പകരം ചെയ്തു - ഞാൻ നന്മയെ അന്വേഷിച്ചതുകൊണ്ട് അവർ എനിക്കു വിരോധികളായി തീരുകയും ചെയ്തു.

ജ: എന്റെ ദൈവമായ കർത്താവേ, നീ എന്നെ കൈ വിടരുതേ - നീ എന്നിൽ നിന്നു അകന്നിരിക്കുകയും അരുതേ - എന്നാലോ നീ എന്റെ സഹായത്തിനായി കാത്തിരുന്ന് എന്നെ രക്ഷിക്കണമെ. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

പ: പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ജ: ആദിമുതൽ എന്നെന്നേക്കും തന്നെ - ആമ്മീൻ.

**ഏവൻഗേലിയോൻ**

പ: നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജ: ദൈവമായ കർത്താവ് നിന്റെ ആത്മാവോടുകൂടെ ഞങ്ങളെയും യോഗ്യതയുള്ളവരാക്കട്ടെ.

**(വി. മത്താ. 18:18-25, വി. യോഹ. 17:17-25)**

നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. ഭൂമിയിൽവെച്ചു നിങ്ങളിൽ രണ്ടുപേർ യാചിക്കുന്ന ഏതു

കാര്യത്തിലും ഐക്യമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥ നായ എന്റെ പിതാവിങ്കൽ നിന്നു അവർക്കു ലഭിക്കും; രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ടു എന്നും ഞാൻ നിങ്ങളോടു പറയുന്നു.

അപ്പോൾ പത്രോസ് അവന്റെ അടുക്കൽ വന്നു: കർത്താവേ, സഹോദരൻ എത്രവട്ടം എന്നോടു പിഴച്ചാൽ ഞാൻ ക്ഷമിക്കേണം? ഏഴുവട്ടം മതിയോ എന്നു ചോദിച്ചു. യേശു അവനോടു: ഏഴുവട്ടമല്ല, ഏഴ് എഴുപത് വട്ടം എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു. സ്വർഗ്ഗരാജ്യം തന്റെ ദാസന്മാരുമായി കണക്കു തീർപ്പാൻ ഭാവിക്കുന്ന ഒരു രാജാവിനോടു സദൃശ്യം. അവൻ കണക്കു നോക്കിത്തുടങ്ങിയപ്പോൾ പതിനായിരം താലന്തു കടമ്പെട്ട ഒരുത്തനെ അവന്റെ അടുക്കൽ കൊണ്ടുവന്നു. അവന്നു വീട്ടുവാൻ വകയില്ലായ്കയാൽ അവന്റെ യജമാനൻ അവനെയും ഭാര്യയെയും മക്കളെയും അവന്നുള്ളതൊക്കെയും വിറ്റു കടം തീർപ്പാൻ കല്പിച്ചു.

സത്യത്താൽ അവരെ വിശുദ്ധീകരിക്കണമേ; നിന്റെ വചനം സത്യം ആകുന്നു. നീ എന്നെ ലോകത്തിലേക്കു അയച്ചതുപോലെ ഞാൻ അവരെയും ലോകത്തിലേക്കു അയച്ചിരിക്കുന്നു. അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിനു ഞാൻ അവർക്കു വേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു. ഇവർക്കുവേണ്ടി മാത്രമല്ല, ഇവരുടെ വചന

ത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന്നു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിന്നു തന്നേ. നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു: നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന്നു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിന്നു തന്നേ. പിതാവേ, നീ ലോകസ്ഥാപനത്തിനു മുമ്പെ എന്നെ സ്നേഹിച്ചിരിക്കകൊണ്ടു എനിക്കു നൽകിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിന്നു ഞാൻ ഇരിക്കുന്ന ഇടത്തു അവരും എന്നോടു കൂടെ ഇരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു. നീതിയുള്ള പിതാവേ, ലോകം നിന്നെ അറിഞ്ഞിട്ടില്ല; ഞാനോ നിന്നെ അറിഞ്ഞിരിക്കുന്നു; നീ എന്നെ അയച്ചിരിക്കുന്നു എന്നു ഇവരും അറിഞ്ഞിരിക്കുന്നു.

പ: നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജ: നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

## (കോലോ - ബാറേക്മോറാൻ)

1. കർത്താവേ നിൻ ബെസ്ഗാസ്സായിൻ വാതിലിൻ മുട്ടി -
ട്ടനുഗ്രഹമിരക്കുന്നേൻ
വഴിതെറ്റീട്ടകലെ പോയൊരു പാപി ഞാനയ്യോ-
അനുതപിച്ചവയെ വിട്ടു ഞാൻ തവ കൃപയാൽ
ജീവിപ്പാനരുൾക

2. ദയവാനേ തവ വാതിൽ വിട്ടിട്ടെവിടെപ്പോയി -
മുട്ടീടുന്നെങ്ങൾ
മന്നിലെ നൃപരാൽ വന്ദിത ബഹുമാനിതനാം മന്നാ-
നിൻകൃപനിന്നൊടു പ്രാർത്ഥിക്കാഞ്ഞാലെങ്ങൾക്കായ്
-മറ്റാരിരന്നീടും.

3. പിതൃപുത്ര വിശുദ്ധാത്മാവേ ഞങ്ങളോടെതി ർക്കും -
ദുഷ്ടനിൽ നിന്നും തൻ
സേനയിൽ നിന്നും ഗോപുരമഭയസ്ഥാനവും നീയേ-
ദുഷ്ട വിശിഷ്ട വിഭാഗേ ഞങ്ങളെ തവ കൃപയിൻ
-ചിറകിലൊളിക്കണമേ.

ബാറെക്മോർ -

ശുബഹോ ലാബോ ലബറോ വൽ റൂഹോ കാദീശോ

മെനഓലം വാദാമ്മൊൽ ഓലം ഒൽ മീൻ ആമ്മീൻ.

4. നാഥാ, ഞങ്ങളിൻ പ്രാർത്ഥനനാദം സ്വരം വാനകവാടം -
തുറക്കുമാറാകണമേ
റാബേ ദൂതർ നിരകളിലിങ്ങനെ ചൊല്ലീടണമേ -
മണ്ണോർ സ്വരമെത്ര മനോഹരമവരുടെ കെഞ്ചൽ -
ഉടയവനരുളീടും

പ: മോറാനേശുമശിഹാ - നിന്റെ അനുഗ്രഹങ്ങളുടെ വാതിൽ ഞങ്ങളുടെ നേരെ അടച്ചുകളയരുതേ.

ജ: കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു - ഞങ്ങളെ അനുഗ്രഹിക്കണമെ.

പ: കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാൻ, നിന്റെ സ്നേഹം നിന്നെ നിന്റെ സ്ഥലത്തു നിന്ന്, ഞങ്ങളുടെ അടുക്കലേക്കു ഇറക്കിക്കൊണ്ടുവന്നു.

ജ: കർത്താവേ ഞങ്ങളെ അനുഗ്രഹിക്കണമേ - ആമ്മീൻ.

**കൌമ്മാ**

**വിശ്വാസപ്രമാണം**

(പേജ് - 15)

(അതിന്റെ ശേഷം പട്ടക്കാരൻ ജനത്തിന്റെ നേരെ തിരിഞ്ഞു താഴെവരുന്ന പ്രകാരം പറയുന്നു)

പ: എന്റെ സഹോദരങ്ങളും വാത്സല്യജനങ്ങളുമെ, നിങ്ങളോടു ഞാൻ ചെയ്തിട്ടു ള്ള കുറ്റങ്ങൾ മശിഹാനിമിത്തം എന്നോടു ക്ഷമിപ്പിൻ. റൂഹായ്ക്കടുത്ത ഐക്യത്തോടും, പിതൃസംബന്ധമായ സ്നേഹത്തോടും ഉണർവ്വുള്ള ഒരു ഇടയനെപ്പോലെ നിങ്ങൾ എല്ലാവരെയും ഞാൻ ഗുണദോഷിച്ചു നിങ്ങളുടെ മുമ്പാകെ എന്റെ തലയെ ഞാൻ വണക്കുന്നു.

ജ: ഞങ്ങളുടെ കർത്താവേ അനുഗ്രഹിക്കണമെ, ക്ഷമയ്ക്കായി ഞങ്ങൾ കാത്തിരിക്കുന്നു.

പ: നിങ്ങളോടു സത്യസ്നേഹത്തോടു കൂടെ ഞാൻ അപേക്ഷിക്കുന്നു. എന്റെ സഹോദരങ്ങളും വത്സലരുമേ, നിങ്ങൾ വരുവിൻ. ദൈവം നമ്മോടു നിരപ്പാകുവാനായിട്ട് നാം തമ്മിൽ തമ്മിൽ നിരപ്പാകുക. വിശുദ്ധ ത്രിത്വത്തിന്റെ ബഹുമാനത്തിനായി ഞാൻ കുമ്പിടുന്നു.

ജ: ഞങ്ങളുടെ കർത്താവേ അനുഗ്രഹിക്കണമെ, ക്ഷമയ്ക്കായി ഞങ്ങൾ കാത്തിരിക്കുന്നു.

പ: തകർന്ന മനസ്സോടും വിശുദ്ധ മനഃസാക്ഷി യോടും നിങ്ങളുടെ എല്ലാവരുടെയും മുമ്പാകെ നിങ്ങളുടെ സ്നേഹത്തോടു ഞാൻ അപേക്ഷിച്ചു ഉന്നത ശബ്ദത്തോടു ഞാൻ നിലവിളിച്ചു പറയുന്നു. എന്റെ സഹോദരങ്ങളും വത്സലരുമേ വരുവിൻ, നാം തമ്മിൽ തമ്മിൽ നിരപ്പാകണം. നിങ്ങൾ തമ്മിൽ തമ്മിൽ കുറ്റങ്ങളും വീഴചകളും ക്ഷമിക്കുമെങ്കിൽ നിങ്ങളോടും ക്ഷമിക്കുമെന്ന് കർത്താവ് അരുളിച്ചെയ്തിരിക്കുന്ന പ്രകാരം നാം എല്ലാവരോടും ദൈവം നിരപ്പാകുവാനും, നമ്മുടെ കുറ്റങ്ങളും പാപങ്ങളും നമ്മോടു ക്ഷമിപ്പാനും ഓരോരുത്തരും തമ്മിൽ തമ്മിൽ ചെയ്തിട്ടുള്ള കുറവുകളും കുറ്റങ്ങളും സഹോദരങ്ങളോട് ക്ഷമിക്കണം. ദൈവമായ കർത്താവ് എന്റെ പാപങ്ങളെയും നിങ്ങളുടെ പാപങ്ങളെയും ക്ഷമിക്കുമാറാകട്ടെ.

ജ:ഞങ്ങളുടെ കർത്താവേ അനുഗ്രഹിക്കണമെ ക്ഷമയ്ക്കായി ഞങ്ങൾ കാത്തിരിക്കുന്നു.

(ജനങ്ങളുടെ പ്രതിനിധിയായി ആരാധകരിൽ ഒരാൾ മുമ്പോട്ട് വന്ന് പറയേണ്ടത്)

മശിഹായിൽ ഞങ്ങളുടെ വന്ദ്യപിതാവേ, ദൈവത്തിന്റെ അഭിഷിക്തനായ അങ്ങയെ, ഞങ്ങൾ ഏതെങ്കിലും വിധത്തിൽ ദുഃഖിപ്പിക്കുകയോ വേദനിപ്പിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ദൈവനാമത്തിൽ ഞങ്ങളോട് ക്ഷമിക്കണമെന്ന് അപേക്ഷിച്ചു ഞങ്ങൾ ഞങ്ങളുടെ തലകളെ വണക്കുന്നു. ഞങ്ങൾക്കു വേണ്ടിയുള്ള പ്രാർത്ഥന മുടക്കരുതേ.

പ: മശിഹായുടെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവജനമേ, കർത്താവു നമ്മുടെ പാപങ്ങൾ ക്ഷമിച്ച് തന്റെ കൃപയിൽ വർദ്ധിച്ചുവരുവാൻ നമ്മെ സഹായിക്കുമാറാകട്ടെ.

(ഇതിനുശേഷം എല്ലാവരും തമ്മിൽ തമ്മിൽ കൈയ്യസൂരി കൊടുക്കുമ്പോൾ താഴെയുള്ളവ ചൊല്ലണം.)

മശിഹാതമ്പുരാന്റെ സ്നേഹവും സമാധാനവും സർവ്വദാ ഞങ്ങളുടെ ഇടയിൽ വസിക്കുമാറാകണമേ.

## ആശീർവ്വാദം

ഈ വിശുദ്ധ നോമ്പിന്റെ ആരംഭം അനുഗ്രഹിക്കപ്പെട്ടതും അതിന്റെ അവസാനം വാഴ്ത്തപ്പെട്ടതുമായിരിക്കട്ടെ. ദൈവത്തിന്റെ ഇഷ്ടമനുസരിച്ച് അതിനെ നിവർത്തിപ്പാനായി നിങ്ങളെ എല്ലാവരെയും താൻ സഹായിക്കുകയും ശക്തീകരിക്കുകയും ചെയ്യുമാറാകട്ടെ. രഹസ്യവും പരസ്യവുമായ ശത്രുക്കളുടെയും വിശ്വാസികളുടെ പ്രതികൂലിയായ സാത്താന്റെയും കെണികളെ നിങ്ങളുടെ മുമ്പിൽ നിന്നു താൻ തകർത്തുകളയട്ടെ. നമ്മുടെ കർത്താവേശുമ്ശിഹാ തന്റെ നോമ്പിന്റെ അന്ത്യത്തിൽ സാത്താനെ തള്ളിയിട്ടു അവനോടു സാത്താനേ, എന്നെ വിട്ടുപോക എന്ന് ആജ്ഞാപിച്ചപ്രകാരം സാത്താന്യ പരീക്ഷകളിൽ നിന്നു നിങ്ങളെ താൻ വിടുവിച്ചു കാത്തുകൊള്ളുമാറാകട്ടെ.

ജ: ആമ്മീൻ.